*⇨ വിസമ്മതം എന്നത് സമ്മതങ്ങളോടുള്ള, ഒത്തുതീർപ്പുകളോടുള്ള പോരാട്ടമാണ് ⇨*

RIGHT TO DISSENT
വിസമ്മതങ്ങളുടെ കൂടിച്ചേരൽ

**എന്തുകൊണ്ടാണ്** വിസമ്മതം ആവശ്യമായി വരുന്നത് എന്ന് ആദ്യമായി പരിശോധിക്കേണ്ടതുണ്ട്. വിസമ്മതം എന്നത് സമ്മതങ്ങളോടുള്ള, ഒത്തുതീർപ്പുകളോടുള്ള പോരാട്ടമാണ്. സമ്മതമെന്നത് ഫാസിസമെന്ന ആശയം സ്ഥായിയായി നിലനിൽക്കുന്നതിന് അനിവാര്യമായ ഒന്നാണ്. വിസമ്മതങ്ങളില്ലാതെ സർഗ്ഗാത്മകത നിലനിൽക്കില്ല. തൽസ്ഥിതി (സ്റ്റാറ്റസ് ക്വോ)ക്കെതിരായ പോരാട്ടമാണത്. വിസമ്മതങ്ങളില്ലാതെ ചരിത്രത്തിൽ ഒരു മാറ്റവും സംഭവിച്ചിട്ടില്ല. ചരിത്രത്തിൽ വിസമ്മതം രേഖപ്പെടുത്തിയ എല്ലാവരെയും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ദേശവിരുദ്ധരോ, സമുദായവിരുദ്ധരോ ആയിട്ടാണ് വ്യവസ്ഥ പരിഗണിച്ചിട്ടുള്ളത്. അവരെ രാജ്യദ്രോഹികളായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. ശ്രീബുദ്ധൻ, കർണ്ണാടകയിലെ ബസവണ്ണ, നാരായണ ഗുരു, അംബേദ്കർ, ജ്യോതിബാ ഫൂലേ തുടങ്ങി ഒരുപാട് പേർ ചരിത്രത്തിൽ തങ്ങളുടെ വിസമ്മതങ്ങൾ രേഖപ്പെടുത്തുകയും രാജ്യദ്രോഹികളായി മുദ്രകുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.

# ഗൗരിയുടെ ചോദ്യങ്ങൾ ആ മരണത്തോടെ അവസാനിക്കില്ല

ഓരോ ചോദ്യങ്ങളും സ്വാഭിമാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഉന്നതമായ ഒരുമയെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരുന്നു. അവരുടെ അവസാനത്തെ ഫോൺ വിളിയിൽ അവർ പറഞ്ഞത് ചുവപ്പും നീലയും തമ്മിൽ സാധ്യമാക്കാവുന്ന ഐക്യത്തെക്കുറിച്ചായിരുന്നു. നമ്മൾ തമ്മിൽ സംവാദങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്ന് അവർ വിശ്വസിച്ചു. കാരണം നമുക്ക് എതിരിടാനുള്ളത് അങ്ങേയറ്റം ശക്തിമത്തായ ഫാസിസത്തോടാണ്.

**ശിവ സുന്ദർ**

സമത്വത്തെ അടിസ്ഥാനപ്പെടുത്തിയ ഒരു സമൂഹനിർമ്മിതിയെക്കുറിച്ചായിരുന്നു ബസവണ്ണ സംസാരിച്ചിരുന്നത്. കേവല സമത്വത്തെക്കുറിച്ചായിരുന്നില്ല, മറിച്ച്, സമത്വത്തെ അതിന്റെ മൂർത്തരൂപത്തിലായിരുന്നു അദ്ദേഹം വിഭാവനം ചെയ്തിരുന്നത്. മനുഷ്യർക്കിടയിലെ സമത്വത്തെക്കുറിച്ച്, ജാതികൾക്കിടയിലെ സമത്വത്തെക്കുറിച്ച് അദ്ദേഹം സ്വപ്നം കണ്ടു. ആത്യന്തികമായി ജാതി ഉന്മൂലനത്തെക്കുറിച്ചും അദ്ദേഹം ചിന്തിച്ചിരുന്നു. വ്യവസ്ഥകളുമായി നിരന്തരം കലഹിക്കേണ്ടി വന്ന അദ്ദേഹത്തിന് ഒടുവിൽ ആത്മഹത്യ ചെയ്യേണ്ടിവന്നു.

ഇന്ത്യയുടെ ഭരണഘടന അവതരിപ്പിച്ചുകൊണ്ട് 1949 നവമ്പർ 29ന് ഭരണഘടനാ സമിതിയിൽ അംബേദ്കർ നടത്തിയ അവസാനത്തെ പ്രസംഗം ഞാൻ ഓർക്കുകയാണ്. അദ്ദേഹം പറഞ്ഞു: രാഷ്ട്രീയ സമത്വവും ഉദാരസമീപനങ്ങളും മുന്നോട്ടുവെക്കാൻ നമുക്ക് കഴിഞ്ഞെങ്കിലും സാമൂഹികവും സാമ്പത്തികവുമായ അസമത്വം നമ്മുടെയിടയിൽ നിലനിൽക്കുകയാണ്. അതിന് കാരണം ഇവിടെ നിലനിൽക്കുന്ന വ്യവസ്ഥയാണ്. സാമൂഹികവും സാമ്പത്തികവുമായ വ്യവസ്ഥ. പുതിയ ഭരണസംവിധാനങ്ങൾ അസമത്വത്തെ അഭിസംബോധന ചെയ്യാൻ തയ്യാറാകാത്തിടത്തോളം രാഷ്ട്രീയ സ്വാതന്ത്ര്യം തകർച്ചയിലേക്ക് നയിക്കപ്പെടും.

ഇതിന് പുറമെ വിസമ്മതത്തിനുള്ള അവകാശം ഭരണഘടനാപരമായ ഒന്നാക്കിമാറ്റാൻ അംബേദ്കർ പ്രയത്നിച്ചു. നമ്മുടെ ഭരണഘടന നിശ്ചലമായ ഒന്നായിരിക്കരുതെന്നും അത് ചലനാത്മകതയുള്ള ഒന്നായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. പുതിയ തലമുറയ്ക്കായി ഭരണഘടന തയ്യാറാക്കുവാനോ രാഷ്ട്രത്തെ നിർമ്മിക്കുവാനോ അല്ല നാം ശ്രമിക്കേണ്ടത്. വരാനിരിക്കുന്ന തലമുറ അവർക്കാവശ്യമായ രാഷ്ട്ര നിർമ്മാണം നടത്തും. അതിന് അനുവദിക്കുന്ന തരത്തിലുള്ള ഒരു ആന്തരികഘടന ഭരണഘടനയ്ക്കകത്ത് നിലനിൽക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വിസമ്മതങ്ങളില്ലാതെ മാറ്റങ്ങൾ സാധ്യമല്ലെന്ന് ഉറപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ സമീപനം.

എല്ലാത്തരം തൽസ്ഥിതികൾക്കുമെതിരായ വിസമ്മതം വിസമ്മതമാകില്ല എന്നും നാം മനസിലാക്കേണ്ടതുണ്ട്. ഒരു ഉദാഹരണം പറയാം. കർണ്ണാടകയിലെ ബിരുദ വിദ്യാർത്ഥികൾക്കുള്ള ടെക്സ്റ്റ് ബുക്കിൽ ഒരു സാമൂഹ്യ മുന്നേറ്റമായി അവതരിപ്പിച്ചിരിക്കുന്നത് രാമജന്മഭൂമി പ്രസ്ഥാനത്തെയാണ്. ഇതിനെ ഒരു സാമൂഹ്യ പ്രസ്ഥാനമായി കാണാൻ നമുക്ക് സാധ്യമല്ല. സമൂഹത്തെ പിറകിലേക്ക് നയിക്കുന്ന സാമൂഹ്യ ഇടപെടലുകളെ അല്ല സാമൂഹ്യപ്രസ്ഥാനങ്ങളായി പരിഗണിക്കേണ്ടത്. ചരിത്രത്തിന്റെ ചക്രങ്ങളെ പിറകിലേക്ക് വലിക്കുന്ന ഒന്നിനെ വിസമ്മതങ്ങളുടെ കൂട്ടത്തിൽ ഉൾച്ചേർക്കാൻ സാധ്യമല്ല. അത് വ്യവസ്ഥയുമായുള്ള സമീകരണമാണ്. സാമൂഹ്യ മുന്നേറ്റങ്ങൾ എല്ലായ്പോഴും പുത്തൻ മൂല്യങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കണം. എന്തിനെങ്കിലും എതിരായി കേവല പ്രതിരോധം നടത്തുന്നതിനെക്കുറിച്ചല്ല നാം സംസാരിക്കുന്നത്. എന്തിനെങ്കിലും എതിരായി യുദ്ധം ചെയ്യുന്നതിനെക്കുറിച്ചുമല്ല. ഫാസിസത്തിനെതിരായ യുദ്ധങ്ങളും ചെറുത്തുനിൽപ്പുകളും നവീനമായ മൂല്യങ്ങൾ ഉൾച്ചേർന്നതായിരിക്കേണ്ടതുണ്ട്. യഥാർത്ഥ സാഹോദര്യത്തെയും സാമൂഹ്യ-സാമ്പത്തിക സമത്വത്തെയും സംബന്ധിച്ച മൂർത്തമായ കാഴ്ചപ്പാടുകൾ അടങ്ങിയിരിക്കുന്നതായിരിക്കണം ഈ സാമൂഹ്യമുന്നേറ്റങ്ങൾ.

ഈയൊരവസരത്തിൽ ഞാൻ ഗൗരീ ലങ്കേഷിനെ ഓർമ്മിക്കുകയാണ്. ഗൗരിയുടെ ജീവിതം വിസമ്മതങ്ങളുടെ മൂർത്തീഭാവമാണെന്ന് പറയാം. തന്റെ ചെറുപ്രായത്തിൽ തന്നെ, കുടുംബത്തിനകത്തുപോലും അവർക്ക് വിസമ്മതങ്ങൾ രേഖപ്പെടുത്തേണ്ടി വന്നു. ഗൗരി പ്രണയ വിവാഹം ചെയ്യാൻ തീരുമാനിച്ചപ്പോൾ അച്ഛൻ ഒഴികെയുള്ള ബന്ധുക്കൾക്ക് അതിൽ എതിർപ്പുണ്ടായിരുന്നു. പക്ഷെ ഗൗരി അവരോട് വിസമ്മതിച്ചുകൊണ്ട് തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. വ്യക്തിപരമായ അന്തസ്സിനെ മാനിക്കാത്ത ഒന്നായി വിവാഹ ജീവിതം മാറിയപ്പോൾ അത് വേർപെടുത്തിക്കൊണ്ടും അവർ വിസമ്മതം രേഖപ്പെടുത്തുകയുണ്ടായി. ഇംഗ്ലീഷ് ജേർണലിസത്തിൽ തന്നെ തുടർന്നിരുന്നെങ്കിൽ അവർ ഇന്ന് അർണാബിന്റെയും രാജ്ദീപ് സർദേശായിയുടെയും അതേ റാങ്കിൽ വരുന്ന ഒരു മാദ്ധ്യമ പ്രവർത്തകയായി മാറുമായിരുന്നു. പക്ഷെ ആ പദവികളെല്ലാം ഉപേക്ഷിച്ച് അവർ പ്രാദേശിക ഭാഷയിലേക്ക് മടങ്ങിവന്നു. പരസ്യവരുമാനമില്ലാത്ത ഒരു പത്രം നടത്താൻ ധൈര്യം കാണിച്ചു. ആളുകൾ പൊതുവിൽ സംഘർഷ മേഖലകളിൽ നിന്നും സുഖപ്രദമായ മേഖലകളിലേക്ക് ചേക്കേറിക്കൊണ്ടിരുന്ന ഒരുകാലത്ത് ഗൗരി വിപരീത ദിശയിലേക്ക് പ്രയാണം നടത്തുകയായിരുന്നു. കൃത്യമായ ഒരു ലക്ഷ്യത്തോടെ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും ലിബറൽ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി അവർ പ്രവർത്തിക്കുകയായിരുന്നു. സാമൂഹ്യ മുന്നേറ്റങ്ങളിലെ അവരുടെ സാന്നിദ്ധ്യം അത്രമേൽ സർഗ്ഗാത്മകവും സക്രിയവുമായിരുന്നു. ജനകീയ പ്രസ്ഥാനങ്ങളുമായി അവർ തോളുരു

ഇംഗ്ലീഷ് ജേർണലിസത്തിൽ തന്നെ തുടർന്നിരുന്നെങ്കിൽ അവർ ഇന്ന് അർണാബിന്റെയും രാജ്ദീപ് സർദേശായിയുടെയും അതേ റാങ്കിൽ വരുന്ന ഒരു മാദ്ധ്യമ പ്രവർത്തകയായി മാറുമായിരുന്നു. പക്ഷെ ആ പദവികളെല്ലാം ഉപേക്ഷിച്ച് അവർ പ്രാദേശിക ഭാഷയിലേക്ക് മടങ്ങിവന്നു. പരസ്യവരുമാനമില്ലാത്ത ഒരു പത്രം നടത്താൻ ധൈര്യം കാണിച്ചു. ആളുകൾ പൊതുവിൽ സംഘർഷ മേഖലകളിൽ നിന്നും സുഖപ്രദമായ മേഖലകളിലേക്ക് ചേക്കേറിക്കൊണ്ടിരുന്ന ഒരുകാലത്ത് ഗൗരി വിപരീത ദിശയിലേക്ക് പ്രയാണം നടത്തുകയായിരുന്നു.



റൈറ്റ് ടു ഡിസന്റ് പരിപാടിയിൽ ശിവ സുന്ദർ സംസാരിക്കുന്നു

മ്മി നിന്നു. 2005 കാലയളവിൽ വലിയ തോതിലുള്ള പ്രതിസന്ധികളെ അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നു. സിവിൽ ലിബർട്ടി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഗൗരീ ലങ്കേഷ് നക്സലൈറ്റുകളുമായി ചർച്ച നടത്താൻ തയ്യാറായി. രക്തച്ചൊരിച്ചിൽ ഒഴിവാക്കുന്നതിനായിരുന്നു അവരുടെ പ്രധാന പരിഗണന. കർണ്ണാടകയിലെ നക്സലൈറ്റ് നേതാവായിരുന്ന സാകേത് രാജനുമായി ഗൗരിക്ക് സൗഹൃദമുണ്ടായിരുന്നു. അവർ ഒരുമിച്ച് ജെ.എൻ.യുവിൽ പഠിച്ചിട്ടുണ്ട്. അങ്ങനെയാണ് മദ്ധ്യസ്ഥ ചർച്ചകളിലേക്ക് ഗൗരി എത്തുന്നത്. കർണ്ണാടക ആന്ധ്രയുടെ പിന്നാലെ രക്തച്ചൊരിച്ചിലിലേക്ക് സഞ്ചരിക്കരുത് എന്ന് ഗൗരി ആത്മാർത്ഥമായി ആഗ്രഹിച്ചു. പക്ഷെ ഭരണകൂടം ക്രൂരമായ ഒരു ഏറ്റുമുട്ടലിലൂടെ സാകേത് രാജനെ കൊല്ലുകയാണുണ്ടായത്. ഈ സംഭവം ഗൗരിയെ വല്ലാതെ ഉലച്ചു. സ്വന്തം കുടുംബത്തിനകത്തും പത്രസ്ഥാപനത്തിനകത്തും സമൂഹത്തിൽ നിന്നും വലിയതോതിലുള്ള പ്രതിസന്ധികളായിരുന്നു ഗൗരി ആ സമയത്ത് നേരിട്ടത്. പോലീസ് അവരെ, അവരുടെ സ്ഥാപനത്തെ, വീടിനെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. പ്രതിസന്ധികളുടെ കാലം വ്യക്തികളുടെ സ്വഭാവത്തെ നിർവ്വചിക്കുന്ന കാലം കൂടിയാണ്. മാദ്ധ്യമ പ്രവർത്തനം സജീവമായി തുടരാൻ തന്നെ അവർ തീരുമാനിച്ചു.

2014ൽ മോദി ഭരണത്തിൽ ഏറിയ കാലം. ഒരു ന്യൂസ് ചാനലിൽ ഗൗരി ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു. ഒരു ബിജെപി പ്രവർത്തകനുമായി അവർ വാക്കുതർക്കത്തിലായി. അവർ കരയുകയായിരുന്നു. ടീസ്റ്റ സെറ്റിൽവാദിനെക്കുറിച്ചായിരുന്നു അവർ ഭയപ്പെട്ടിരുന്നത്. മോദിയുടെ യഥാർത്ഥ മുഖം തുറന്നുകാണിക്കുന്ന ഫുൾപേജ് ലേഖനങ്ങൾ അവർ തുടർച്ചയായി പ്രസിദ്ധീകരിച്ചു. മോദിയെ അതിശക്തമായി നേരിടാൻ അവർ ഉറച്ചിരുന്നു. ആരെങ്കിലും അത് ചെയ്തേ മതിയാകൂ എന്ന് അവർ വിശ്വസിച്ചിരുന്നു. അവരുടെ പ്രതിബദ്ധത അത്ര ഉറച്ചതായിരുന്നു. നോട്ട് നിരോധനത്തെ തുടർന്ന് വളരെയധികം സാമ്പത്തിക പ്രയാസങ്ങൾ അവർക്ക് നേരിടേണ്ടി വന്നു. 2017 സെപതംബർ 5ന് ഗൗരി വെടിയേറ്റ് കൊല്ലപ്പെടുന്നതിന് തൊട്ടുമുമ്പെ അവരുടെ ഫോൺ കാൾ എനിക്ക് വന്നു. അവരുടെ കയ്യിലുണ്ടായിരുന്ന പണമെല്ലാം തന്റെ പത്രത്തിലെ ജീവനക്കാർക്കുള്ള ശമ്പളമായി നൽകിയെന്നും ഇനി തന്റെ കയ്യിലൊന്നുമില്ലെന്നും സാമ്പത്തികമായി താൻ ക്ലീൻ ആണെന്നും അവർ അറിയിച്ചു. തനിക്ക് സംഭവിക്കാനിരിക്കുന്നതിനെക്കുറിച്ചുള്ള ധാരണ ഗൗരിക്കുണ്ടായിരുന്നുവെന്നു വേണം കരുതാൻ.

ഗൗരിയുടെ മരണത്തിന് ശേഷം ഒരു കാര്യം ഞങ്ങൾ തിരിച്ചറിഞ്ഞു. അവർ ശരിക്കും പുനർജനിക്കുകയായിരുന്നു. അവരുടെ പത്രത്തിന് വലിയ സർക്കുലേഷനുണ്ടായിരുന്നില്ല. അത് വലിയ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരുന്നു. എങ്കിലും ആക്ടിവിസത്തിന്റെ മൂർത്തിമത്ഭാവമായിരുന്ന ഗൗരിയുടെ മരണം നൂറുകണക്കിന് ഗൗരിമാരെ സൃഷ്ടിക്കുകയായിരുന്നു. രോഹിത് വെമ്മുലയുടെ ആത്മഹത്യ കനയ്യ കുമാറിനെ സൃഷ്ടിച്ചതുപോലെ, ഊന സംഭവം ജിഗ്നേഷിനെ സൃഷ്ടിച്ചതുപോലെ, ഗൗരിയുടെ മരണം പ്രകാശ് രാജിനെപ്പോലുള്ളവരെ ആക്ടിവിസത്തിലേക്ക് അടുപ്പിച്ചു. ജനുവരി 29ന് ഗൗരിയുടെ ജന്മദിനം ഞങ്ങൾ ഗൗരീ ദിനമായി ആചരിച്ചു. ഈയൊരു ചടങ്ങിൽ പങ്കെടുത്ത പ്രകാശ് രാജ് പറഞ്ഞത്, ഗൗരിയെ നമ്മൾ അടക്കം ചെയ്യുകയല്ല ചെയ്തത്. ഗൗരിയെ നമ്മൾ വിതക്കുകയാണ് ചെയ്തത്. അതിൽ നിന്ന് നൂറുകണക്കിന് ഗൗരിമാർ മുളപൊട്ടും എന്നാണ്. ആ ഊർജ്ജത്തെ ഗുണപരമായി സ്വാംശീകരിക്കുന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അതിനാണ് ഗൗരി മെമ്മോറിയൽ ട്രസ്റ്റ് രൂപീകരിച്ചത്. മോദിത്വത്തിന്, ഹിന്ദുത്വത്തി

➯ പ്രസിദ്ധീകരണം പുനഃസ്ഥാപിക്കാനുള്ള ഊർജ്ജിതമായ ശ്രമത്തിലാണ് ഞങ്ങൾ ➯

ന്, ബ്രാഹ്മണിക്കൽ വ്യവസ്ഥയ്ക്ക്, ഉദാര സാമ്പത്തികനയങ്ങൾക്ക് ഓരോ ആഴ്ചയിലും തന്റെ പത്രത്തിലൂടെ ഗൗരി ഭീഷണി ഉയർത്തിയിരുന്നു. അത് തുടരേണ്ടതുണ്ട്. പ്രസിദ്ധീകരണം പുനഃസ്ഥാപിക്കാനുള്ള ഊർജ്ജിതമായ ശ്രമത്തിലാണ് ഞങ്ങൾ.

പലതരത്തിലുള്ള മൗനങ്ങൾ നാം കാണുന്നുണ്ട്. കർണ്ണാടകയിലെ പേജാവർ സ്വാമി മൗനത്തിലാണ്. ശ്രീ ശ്രീ രവിശങ്കർ മൗനത്തിലാണ്. മൗനത്തിനേക്കാളും തർക്കം നിലനിൽക്കുന്ന ഒരു വിഷയത്തിൽ അദ്ദേഹം പക്ഷം പിടിച്ച് സംസാരിക്കുകയാണ്. അർണാബ് ഗോസ്വാമി മൗനത്തിലാണ്. അദ്ദേഹത്തിന്റെ ചോദ്യങ്ങൾ മുഴുവൻ പ്രതിപക്ഷത്തോടാണ്. എന്നാൽ ഗൗരി ഈ മൗനങ്ങളെയെല്ലാം ലക്ഷ്യം വെച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. സംവാദത്തിന്റെ സ്ഥലങ്ങളെ തിരിച്ചുപിടിക്കാൻ അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ഈയൊരു കൂടിച്ചേരലിലേക്ക് ഗൗരിയെ ക്ഷണിച്ചിരുന്നുവെങ്കിൽ, അവർക്ക് വരാൻ സാധിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ചില അസുഖകരങ്ങളായ ചോദ്യങ്ങൾ അവർ ഉയർത്തിയിരുന്നേനെ. ഈ സാഹിത്യ അക്കാദമി ഹാളിൽ ഇത്രയധികം പുരുഷ സാഹിത്യ കേസരികൾക്കിടയിൽ ഒരു സാഹിത്യകാരിയുടെ മാത്രം ചിത്രം തൂക്കിയിടാനെന്താണ് കാരണമെന്ന് അവർ ചോദിച്ചേനെ. ഇവിടെ തൂക്കിയിട്ടിരിക്കുന്ന ഈ ഫോട്ടോകളിലെ ജാതി-മത അനുപാതങ്ങളെക്കുറിച്ച് അവർ ചോദ്യങ്ങളുയർത്തിയേനെ.

അവരുടെ ഓരോ ചോദ്യങ്ങളും സ്വാഭിമാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഉന്നതമായ ഒരുമയെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരുന്നു. അവരുടെ അവസാനത്തെ ഫോൺ വിളിയിൽ അവർ പറഞ്ഞത് ചുവപ്പും നീലയും തമ്മിൽ സാധ്യമാക്കാവുന്ന ഐക്യത്തെക്കുറിച്ചായിരുന്നു. നമ്മൾ തമ്മിൽ സംവാദങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്ന് അവർ വിശ്വസിച്ചു. കാരണം നമുക്ക് എതിരിടാനുള്ളത് അങ്ങേയറ്റം ശക്തിമത്തായ ഫാസിസത്തോടാണ്. ■




STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

| | |
|---|---|
| 1. Place of Publication | : Thrissur |
| 2. Periodicity of the Publication | : Monthly |
| 3. Printer's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 4. Publisher's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 5. Editor's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital | : Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021 |

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

1.03.2018